# Deepika
# 10 August 2018
# Kizhakambalam, CLC, Kuttanad Flood, Relief



സിഎൽസി കിഴക്കമ്പലം ഫൊറോന കൗൺസിലിന്റെ നേതൃത്വത്തിൽ കുട്ടനാട്ടിലേക്കുള്ള ദുരിതാശ്വാസ സാമഗ്രികളുമായി പുറപ്പെട്ട വാഹനത്തിന്റെ ഫ്ളാഗ് ഓഫ് ഫൊറോന വികാരി ഫാ.അലക്സ് കാട്ടേഴത്ത് നിർവഹിക്കുന്നു.

## കുട്ടനാട്ടിൽ സഹായവുമായി കിഴക്കമ്പലം സിഎൽസി

**കിഴക്കമ്പലം:** സിഎൽസി കിഴക്കമ്പലം ഫൊറോന കൗൺസിലിന്റെ നേതൃത്വത്തിൽ കാലവർഷക്കെടുതിയിൽ ദുരിതമനുഭവിക്കുന്ന കുട്ടനാട്ടിലെ വിവിധ മേഖലകളിൽ സഹായങ്ങളെത്തിച്ചു. ഫൊറോന വികാരി ഫാ. അലക്സ് കാട്ടേഴത്ത് ദുരിതാശ്വാസ വസ്തുക്കളുമായുള്ള വാഹനം ഫ്ളാഗ് ഓഫ് ചെയ്തു.

ഫൊറോന പ്രമോട്ടർ ഫാ. ജിജോ ചെങ്ങിനിയാടൻ അധ്യക്ഷത വഹിച്ചു. ഫൊറോന പ്രസിഡന്റ് ബിബിൻ വെളുത്തേപ്പിള്ളി, സെക്രട്ടറി അതുൽ പോൾ, അലോഷ്യസ് കാച്ചപ്പിള്ളി, ടോണി ചാക്കോ, ജോസഫ് ജോർജ് തുടങ്ങിയവർ പ്രസംഗിച്ചു.